# അടുപ്പിൽ തൂറുവാനുള്ള സ്വാതന്ത്ര്യം

## തോന്ന്യാക്ഷരം

**കാരുമാത്ര ഭവാനന്ദൻ**

**പൊ**തുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവായിരിക്കുന്നു. അതു ഭരണഘടനയുടെ 21-ാം അനുച്ഛേദം പൗരന്മാർക്ക് ഉറപ്പു നല്കുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നാണ് കോടതി കണ്ടെത്തിയിരിക്കുന്നത്. തന്മൂലം പൊതുസ്ഥലങ്ങളിൽ ഇനി പുകവലി കുറ്റകരമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കച്ചവട സ്ഥാപനങ്ങൾ, ചായക്കടകൾ, ബാറുകൾ, ഫാക്ടറികൾ, ബസുകൾ, മറ്റു വാഹനങ്ങൾ, ബസ് സ്റ്റാൻഡുകൾ, ഹൈവേ ഉൾപ്പെടെയുള്ള പൊതുനിരത്തുകൾ തുടങ്ങി എവിടെയെവിടെ ബഹുജനങ്ങൾ ഒത്തുകൂടുന്നുവോ അവിടെല്ലാം പൊതുസ്ഥലത്തിന്റെ നിർവചനത്തിൽപ്പെടുന്നു. ചുരുക്കത്തിൽ, വീട്ടിൽനിന്നും മുറി ബീഡിയും പുകച്ചിറങ്ങുന്നവൻ പടി കടക്കും മുമ്പേ അതു കളയുവാൻ നിർബന്ധിതനാകും.

കരിപ്പുനേരത്ത്, പരദൂഷണത്തിനു വേണ്ടി നാല്ക്കവലകളിൽ ഒത്തുചേരുന്നവർ വിഘ്നേശ്വര പ്രീതിക്കായി ബീഡിയുടെ മോന്തക്ക് തീ കൊടുക്കുന്ന പരിപാടി ഇനി മേൽ ശിക്ഷാർഹമാണ്. ഹൈസ്കൂൾ - കോളജ് കാമ്പസുകളിലും ബസ് സ്റ്റോപ്പുകളിലും ഇടവഴികളിലും സമയാസമയങ്ങളിൽ മുറി ബീഡിയുമായി ചുറ്റിക്കറങ്ങേണ്ട ചുമതലക്കാരായ പൂവാലന്മാർ ഇനി വട്ടം ചുറ്റും. ഇരുപത്തിനാലു മണിക്കൂറും കത്തി നില്ക്കുന്ന കൊച്ചു മണ്ണെണ്ണ വിളക്ക് ഇനി കടയിൽ കാണില്ല. കാരണം, കടയിൽനിന്നും വാങ്ങിയ സാധനം പഴയ പോലെ തത്സമയം ഫയറാക്കാമെന്നു വച്ചാൽ കള്ളനു കൂട്ടുനിന്നെന്ന പേരിൽ കടക്കാരനും കെണിയിൽ പെടും. ചുരുക്കട്ടെ! വീടിനു വെളിയിലെ കലാപരിപാടി, മേൽക്കൊണ്ട് സുരക്ഷിതമല്ല.

കോഴിക്കോട് സ്വദേശിയും അറിയപ്പെടുന്ന കലാകാരനും നടനുമായ രാമകൃഷ്ണമേനോനും കോട്ടയം ബി.സി.എം.കോളജിലെ അധ്യാപിക പ്രൊഫ. മോനമ്മ കോക്കാട്ടുമായിരുന്നു പരാതിക്കാർ. പുക, പൊടി, ചിലതരം പെർഫ്യൂമുകൾ, പുഷ്പങ്ങൾ, ബേക്കറി സാധനങ്ങൾ തുടങ്ങി പലതും ചിലർക്ക് അലർജിയാകാറുണ്ട്. രാമകൃഷ്ണനും ടീച്ചർക്കും വിനയായത് പുകയിലപ്പുകയും.

യാത്രക്കിടയിലും പൊതുസ്ഥലങ്ങളിൽ നില്ക്കുമ്പോഴും പുകയന്മാരുടെ ശല്യം ഏറെ അനുഭവിച്ചിട്ടുണ്ട് രാമകൃഷ്ണൻ. മോനമ്മ ടീച്ചറാകട്ടെ, കഴിഞ്ഞ ഇരുപത്തിയാറു വർഷമായി നിത്യേനയുള്ള എറണാകുളം കോട്ടയം തീവണ്ടി യാത്രക്കിടയിൽ അനുഭവിച്ചിട്ടുള്ള വിമ്മിട്ടത്തിനു കണക്കില്ല. മേൽപ്പടി അനുഭവങ്ങളും സ്വന്തം വീടുകളിൽ പുകവലിക്കുന്നവരുടെ അഭാവവുമായിരിക്കണം ഇരുവരെയും പൊതുസ്ഥലങ്ങളിലെ പുകവലിക്കെതിരെ പരാതിപ്പെടുവാൻ പ്രേരണയായത്!

### അപ്പോൾ വീടുകളോ?

[illegible] വീടുകളുടെ കണക്കെടുത്താൽ നൂറ്റിനു തൊണ്ണൂറും പുകശല്യം കൊണ്ട് മലീമസമായിരിക്കും. ഗൃഹനാഥൻ ചാരുകസാലയിലമർന്നിരുന്നും കട്ടിലിൽ സഗൗരവം മലർന്നു കിടന്നും പുകയ്ക്കുമ്പോൾ മക്കളും മരുമക്കളും ചെറുമക്കളും പങ്ങിയും പാത്തും കൃത്യം നിർവഹിച്ചു പോരുന്നു. ഓടുന്ന തീവണ്ടിയിലോ, മറ്റു വാഹനങ്ങളിലോ പൊതുസ്ഥലങ്ങളിലോ വച്ചുള്ള പുകവലി അലർജിക്കാരെ മാത്രം ചെറിയ തോതിൽ അലോസരപ്പെടുത്തുമ്പോൾ സാമാന്യേന കൂടുതൽ പ്രതിബന്ധങ്ങളുള്ളതു മൂലം വീട്ടിനുള്ളിൽ വ്യാപിക്കുന്ന പുക പെട്ടെന്നൊഴിഞ്ഞു പോകാതെ മോനമ്മ ടീച്ചറെ പോലുള്ളവർക്ക് അസഹനീയമായ വിമ്മിട്ടങ്ങളുണ്ടാക്കുമെന്ന് തീർച്ച. തലയിലെഴുത്തിന്റെ ബലം കൊണ്ട് അത്തരത്തിലൊരു ദുർവിധി ടീച്ചർക്കുണ്ടായില്ല. ഇവിടെ തിണ്ണബലം കൊണ്ടു കാരണവരും അതില്ലാത്തവർ ഒളിച്ചുകളിയിലൂടെയും രക്ഷപ്പെടുന്നു.

സ്വന്തമായി വീടില്ലാത്തതു മൂലം കടത്തിണ്ണയിലോ പാതയോരത്തോ അന്തിയുറങ്ങേണ്ടി വരുന്ന കുടുംബത്തിന് ബാധകമായ നിയമം അതുള്ളവരെ ബാധിക്കില്ലെന്നുള്ളത് രസകരം തന്നെ. ഈയിടെയുണ്ടായ ഒരു വിധി നോക്കൂ. പാതയോരത്തു കാറു നിർത്തി, മാന്യന്മാർ അതിനുള്ളിലിരുന്ന് ലേശം മിനുങ്ങി. സാധനം എത്തിച്ചു കൊടുത്ത വകയിൽ തൊട്ടടുത്ത തട്ടുകടക്കാരനും കൊടുത്തു ലേശം. കേസ് കോടതിയിലെത്തിയപ്പോൾ മാന്യന്മാർ പുറത്തും പാവപ്പെട്ട തട്ടുക്കടക്കാരൻ അകത്തും. കാരണം, മദ്യപിക്കുന്ന സമയത്ത് മാന്യന്മാരുടെ കാലുകൾ പൊതുസ്ഥലമായ റോഡിൽ തൊട്ടിരുന്നില്ല. കാറിൽ ചാരിനിന്നു മോന്തിയ തട്ടുകാരന്റെ കാലുകൾ നിലം തൊട്ടിരുന്നുതാനും.

വീട് കാരണവരുടെ സ്വന്തമെങ്കിലും ഗൃഹനാഥനടക്കം അതിലെ അന്തേവാസികളായ ഭാര്യയും മക്കളുമെല്ലാം ഭരണഘടന പ്രകാരം ഇന്ത്യൻ പൗരന്മാരാണ്. കൈവശമുള്ള നീക്കിയിരിപ്പും വസ്തുവഹകളും തന്നിഷ്ടത്തിനൊത്തു കൈകാര്യം ചെയ്യാനും ആ കെയറോഫിൽ പിള്ളാരെ പിപ്പിടി കാട്ടുവാനും അങ്ങാടിയിൽ തോറ്റാൽ അറ്റ കൈയ്ക്ക് അടുപ്പിൽ തൂറുവാനുമുള്ള അവകാശമൊഴികെ മറ്റൊന്നും തന്നെ ഗൃഹനാഥനില്ല. മീൻ കൂട്ടാനിൽ ഉപ്പു കൂടിയെന്നും പറഞ്ഞു കലത്തോടെ സഹധർമിണിയുടെ തലയിൽ കമിഴ്ത്തിയ ഗൃഹനാഥനും തിരിച്ച് കരണക്കുറ്റിക്ക് നാലു പൂശുപൂശുന്ന പ്രതിവ്രതയും ശിക്ഷാർഹരാണ്. സ്വന്തം മക്കൾ ലൈൻ ബസിനു കല്ലെറിയുന്നത് നോക്കി നില്ക്കുവാനേ തന്തയ്ക്ക് അവകാശമുള്ളൂ. ചൂരൽ പ്രയോഗം നടത്തേണ്ടത് പോലീസാണ്. ശിക്ഷിക്കേണ്ടത് കോടതിയും. ഞാൻ കുടിക്കുന്ന വെള്ളം കലക്കിയത് നീയല്ലെങ്കിൽ നിന്റെ തന്ത' എന്നു പറഞ്ഞു ആട്ടിൻകുട്ടിയുടെ മെത്തല കേറിയ ചെന്നായയുടെ കഥയുണ്ട്. മക്കൾ ചെയ്ത അപരാധത്തിന് തന്ത തള്ളമാരെ കൂട്ടുപ്രതിയാക്കാനോ അച്ഛനമ്മമാരുടെ ശിക്ഷ, മക്കൾക്ക് കൂടി ഭാഗിച്ചു നല്കുവാനോ മനുഷ്യരായ നമ്മുടെ ഭരണഘടനയിലോ ശിക്ഷാനിയമത്തിലോ വകുപ്പില്ല. ഭരണഘടന പ്രകാരം നവജാത ശിശു, ആദ്യം ഭാരതാംബയുടെ അരുമസന്തതിയും രണ്ടാമത് അച്ഛനമ്മമാരുടെ കണ്ണിലുണ്ണിയുമാകുന്നു.

പുകവലിക്കുന്നവൻ തന്റെ ശവക്കുഴി തോണ്ടുന്നതോടൊപ്പം പരിസരമലിനീകരണം വഴി ആയിരങ്ങളുടെ, ആരോഗ്യത്തോടെ ജീവിക്കാനുള്ള അവകാശത്തെയാണ് നിഷേധിക്കുന്നതെന്നും അതാകട്ടെ വധശിക്ഷയേക്കാൾ ക്രൂരമാണെന്നുമാണ് കോടതി കണ്ടെത്തിയിരിക്കുന്നത്. വിവരക്കേട് വിളിച്ചുപറഞ്ഞ കുറ്റത്തിന് പതിനേഴാം നൂറ്റാണ്ടിൽ, ഭക്ഷണത്തോടൊപ്പം 'ഹാംലക്' എന്ന വിഷപാനീയവും കൂടി നല്കിക്കൊണ്ട് നമ്മൾ സോക്രട്ടീസിനെ ഇഞ്ചിഞ്ചായി വകവരുത്തി. അന്നു നാം സംരക്ഷിച്ചത് എന്തും ചെയ്യുവാനും പറയുവാനുമുള്ള മതമേലധ്യക്ഷന്മാരുടെ സ്വാതന്ത്ര്യത്തെയായിരുന്നു. പിഞ്ചുകുഞ്ഞിനെ അമ്മിഞ്ഞപ്പാലോടൊപ്പം പുകയുമൂട്ടിക്കൊണ്ട് ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽനാം സംരക്ഷിക്കുന്നതാകട്ടെ തിണ്ണബലത്തിന്റെ പേരിൽ കാരണവന്മാരുടെ അടുപ്പിൽ തൂറുവാനുള്ള സ്വാതന്ത്ര്യമല്ലേ?

**ഭരണഘടന പ്രകാരം, നവജാത ശിശു ആദ്യം ഭാരതാംബയുടെ അരുമസന്തതിയും രണ്ടാമത് അച്ഛനമ്മമാരുടെ കണ്ണിലുണ്ണിയുമാകുന്നു. ആരോഗ്യത്തോടെ ജീവിക്കുവാനുള്ള ആ പൊന്നോമനയുടെ അവകാശത്തെ ആരു സംരക്ഷിക്കും?**